# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 538 04.02.2020- ൽ മറുപടിക്ക്

## വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം ഇളവുകളാണ് പുതുതായി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷമുള്ള ആദ്യ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെയും മാറ്റുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും അതിവേഗം ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2018 -ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് - സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ് വെയർ K-SWIFT പ്രവർത്തനമാരംഭിച്ചിട്ടുണ്ട് .<br><br>2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമ സഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമ പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. സാക്ഷ്യപത്രം ഉപയോഗിച്ച് പുതിയ വ്യവസായം ആരംഭിക്കാം. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതി. |
| ബി) | റോഡരികിലുള്ള സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പുതുതായി എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) | വ്യവസായ വകുപ്പ് ഇത്തരത്തിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തി 22.10.2019 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) | 22/10/2019 -ലെ ജി.ഒ(എം.എസ്)46/2019/PWD ഉത്തരവ് പ്രകാരം പെട്രോളിയം പമ്പുകൾക്ക് ലൈസൻസ് നൽകുന്നതിന്റെ IRC 12-2016 ബാധകമാക്കിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത ഉത്തരവ് തീയതിക്ക് മുമ്പായി മുതൽ മുടക്കി പ്രവർത്തിക്കാൻ ആരംഭിച്ച സ്ഥാപനങ്ങൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവിൽ ഇളവ് അനുവദിക്കാൻ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ഡി) | റോഡരികിലുള്ള സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ